GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/10/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി '**അഗ്രിടെക്നോളജി മീറ്റ് 2026**' ഇന്ന് ഒക്ടോബർ 3 ന് പാലക്കാട് ജില്ലയിൽ വെച്ച് സംഘടിപ്പിക്കുന്നു. മലമ്പുഴ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് അങ്കണത്തിൽ വെച്ച് പട്ടികജാതി-പട്ടികവർഗ്ഗ വികസന, പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി. കെ. എ തുളസി ജില്ലാതല ഉദ്ഘാടനം നിർവ്വഹിക്കും. പരിപാടിയുടെ ഭാഗമായി DGCA അംഗീകരിച്ച കാർഷിക ഡ്രോൺ റിമോട്ട് സർട്ടിഫിക്കറ്റ് പരിശീലന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം, SMAM ഗ്രൂപ്പുകൾക്കുള്ള കാർഷിക യന്ത്രങ്ങളുടെ ജില്ലാതല വിതരണ ഉദ്ഘാടനം, ഡ്രോൺ

പ്രവർത്തനവും കാർഷിക യന്ത്രവൽക്കരണ ഉപമിഷൻ ആധാരമാക്കിയ ഏകദിന ശിൽപശാലയും, കാർഷിക യന്ത്രങ്ങളുടെ നറുക്കെടുപ്പും സമ്മാന വിതരണവും നടത്തപ്പെടുന്നു.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 1.5 മാസം പ്രായമായ പൂവൻ കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനക്ക്. വില ഒന്നിന് 200/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ 2026-27 അധ്യയന വർഷത്തേക്ക് നടത്തുന്ന ബിരുദ (UG) കോഴ്സുകളിലെ എൻ.ആർ.ഐ (NRI) ക്വാട്ട സൂപ്പർന്യൂമററി സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി www.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, 0487 243819 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **ഒക്ടോബർ** 15 ന് ആരംഭിക്കുന്ന "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ്

കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ **www.celkau.in** എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. നവംബർ 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. <u>സസ്യ കീട-രോഗ നിയന്ത്രണ നിർദ്ദേശങ്ങൾ</u>

<u>മഞ്ഞളിലെ ഇലകരിച്ചിൽ</u>

ഇലകരിച്ചിൽ രൂക്ഷമായ മഞ്ഞൾ ചെടികൾ പൊള്ളിയതുപോലെ കാണപ്പെടുകയും മഞ്ഞൾ ഉൽപ്പാദനം ഗണ്യമായി കുറയുകയും ചെയ്യുന്നു. ഇലകരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി വിവിധ കുമിൾനാശിനികൾ ലഭ്യമാണ്. ഇവ കൃഷി ഓഫീസർമാരുടെ നിർദ്ദേശപ്രകാരം ഉപയോഗിക്കേണ്ടതാണ്.